സംബന്ധിച്ച് വലിയ എതിർപ്പ് വന്നപ്പോൾ അത് ഉപേക്ഷിക്കേണ്ടിവന്നു. ഇതിനുവേണ്ടി 176 ഏക്കർ ഭൂമി കിൻഫ്ര അവിടെ ഏറ്റെടുത്തിട്ടുള്ളതാണ്. അത് വളരെ സൗകര്യപ്രദമായ സ്ഥലമാണ്. വികസനവുമായി ബന്ധപ്പെട്ട വളരെ സാധ്യതയുള്ള പ്രദേശത്താണ് ഈ 176 ഏക്കർ സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്നത്. അവിടെ അടിയന്തരമായി ഒരു പുതിയ പദ്ധതിക്ക് രൂപം നൽകണം. ആ സ്ഥലം ഉപയോഗിക്കുന്നതിനുവേണ്ടി ആവശ്യമായ സത്വര നടപടി വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാവണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, കണ്ണൂർ ജില്ലയിലെ കല്യാശ്ശേരിയിൽ കണ്ണൂർ പവർ പ്രോജക്ടിനുവേണ്ടി എടുത്ത 164.22 ഏക്കർ സ്ഥലം പിന്നീട് പ്രസ്തുത സംരംഭകൻ കരാർ വ്യവസ്ഥകൾ പാലിക്കാതിരുന്നതുമൂലം ആ കരാർ സർക്കാർ റദ്ദാക്കുകയും പ്രസ്തുത ഭൂമി ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി കിൻഫ്രക്ക് നൽകുകയും ചെയ്തു. ഇതെതുടർന്ന് കിൻഫ്ര ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി പത്രങ്ങളിൽ താല്പര്യപത്രം ക്ഷണിക്കുകയും സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നോയിഡ ആസ്ഥാനമായ മെസേഴ്സ് ജയപ്രകാശ് പവർ എം.ജി.എസ്. എന്ന ഗ്രൂപ്പിന് 90 വർഷത്തെ പാട്ടത്തിന് ഭൂമി അലോട്ട് ചെയ്ത് കിൻഫ്രയും പ്രസ്തുത കമ്പനിയുമായി 19-4-2010-ൽ പാട്ടക്കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത സംരംഭകന് പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയാത്തതിനാൽ , കിൻഫ്ര ഭൂമി തിരിച്ചെടുത്തു. കോസ്റ്റ് ഗാർഡ് അക്കാഡമി സ്ഥാപിക്കാൻ ഭൂമി ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര പ്രതിരോധ വകുപ്പ് സംസ്ഥാന സർക്കാരിന് കത്ത് തന്നിരുന്നു. അതനുസരിച്ച് ഈ ഭൂമി അനുയോജ്യമാണെങ്കിൽ കോസ്റ്റ് ഗാർഡ് അക്കാഡമി സ്ഥാപിക്കാൻ നൽകാമെന്ന് വ്യവസായ വകുപ്പ് വാഗ്ദാനം ചെയ്തിട്ടുണ്ട്. സാങ്കേതിക വിദഗ്ദ്ധരുടെ പരിശോധനക്കുശേഷം തീരുമാനം അറിയിക്കാമെന്ന് കേന്ദ്ര പ്രതിരോധ വകുപ്പ് അറിയിച്ചിട്ടുണ്ട്.

14. ബൈപ്പാസ് നിർമ്മാണം

ശ്രീ. തോമസ് ചാഴികാടൻ : സർ, ഈ വിഷയം ഇന്ന് രാവിലെ ചോദ്യോത്തര വേളയിലും വന്നതാണ്. ഏറ്റുമാനൂർ മുതൽ കോട്ടയം വരെ എം.സി. റോഡിൽ അതീവ ഗുരുതരമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുകയാണ്. എറ്റുമാനൂർ പട്ടിത്താനം മുതൽ മണർകാട് വരെയുള്ള ബൈപ്പാസിന് ഭരണാനുമതി ലഭിച്ചിട്ട് 14 വർഷത്തിലേറെയാണ്. എന്നാൽ പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. നിരവധി തവണ നിയമസഭയിൽ ഞാൻ ഇതുസംബന്ധിച്ച് സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. ഈ ബൈപ്പാസിന്റെ അലൈൻമെന്റ് അംഗീകരിച്ച് സ്ഥലമെടുപ്പു നടപടികൾ ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തുമന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചുവെങ്കിലും അത് ഇതുവരെ പൂർത്തിയായിട്ടില്ല. പലപ്രാവശ്യം ജില്ലാ കളക്ടറേറ്റിൽ യോഗം ചേരുകയും പൊതുമരാമത്ത് വകുപ്പും റവന്യു വകുപ്പും ആവശ്യപ്പെട്ട വിശദീകരണങ്ങൾ നൽകുകയും ചെയ്തു. എല്ലാ വിശദീകരണങ്ങൾക്കും ശേഷം ഇപ്പോൾ ഫയൽ പൊതുമരാമത്ത് വകുപ്പിൽ എത്തിയിട്ടുണ്ട്. 18.75 കോടി രൂപ മാന്ദ്യവിരുദ്ധ പാക്കേജിൽ അനുവദിച്ചത് ലാപ്സാവാതിരിക്കണമെങ്കിൽ ഭൂമി ഏറ്റെടുക്കൽ

LIBRARY ARCHIVES Kerala Legislative Assembly

നടപടി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി മന്ത്രിസഭാ തലത്തിൽ ഉടനെ തന്നെ സ്വീകരിക്കേണ്ടതുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, സ്റ്റിമുലസ് പാക്കേജിൽ വന്ന ഒരു പദ്ധതിയാണ് ഏറ്റുമാനൂർ-മണർകാട് ബൈപ്പാസ്. അതിന് തടസ്സമായി നിൽക്കുന്നത് 14.62 ഹെക്ടർ സ്ഥലം ഏറ്റെടുക്കുക എന്നുള്ളതാണ്. അത് ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും അതിന്റെ നടപടിയായിട്ടില്ല. അത് മന്ത്രിസഭായോഗത്തിൽ എത്രയും പെട്ടെന്ന് കൊണ്ടുവന്ന് നടപടി സ്വീകരിക്കുന്നതാണ്.

15. കെ.പി.എസ്.ടി.യു. സെക്രട്ടേറിയറ്റ് പടിക്കൽ നടത്തുന്ന സമരം

ശ്രീ. സി. പി. മുഹമ്മദ് : സർ, പൊതുവിദ്യാഭ്യാസ മേഖലയിലെ 21 അദ്ധ്യാപക സംഘടനകളുടെ സംയുക്ത അദ്ധ്യാപക സമിതിയുടെ നേതൃത്വത്തിൽ ഘടക സംഘടനാ നേതാക്കളുടെ കൂട്ടധർണ ഇന്ന് രണ്ടുമണി മുതൽ അഞ്ചുമണിവരെ സെക്രട്ടേറിയറ്റ് നടയിൽ നടക്കുകയാണ്. പ്രധാനമായും നാല് ആവശ്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. അവ ശമ്പള കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞ് കേന്ദ്ര തുല്യത ഉറപ്പ് വരുത്തി ശമ്പളം പരിഷ്കരിക്കുക, പ്രൈമറി-സെക്കണ്ടറി-ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിലെ അദ്ധ്യാപകർക്ക് കേന്ദ്ര തുല്യത ഉറപ്പുവരുത്തി ശമ്പളം പരിഷ്കരിക്കുക, ശമ്പള പരിഷ്കരണത്തിലൂടെ അദ്ധ്യാപകരെ തരം താഴ്ത്താനുള്ള നീക്കം ഉപേക്ഷിക്കുക, അൺ എക്കണോമിക് സ്കൂൾ ഉൾപ്പെടെയുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കുക, നിയമന അംഗീകാരം ലഭിച്ച മുഴുവൻ അദ്ധ്യാപകർക്കും പ്രൊട്ടക്ഷൻ നൽകുക എന്നിവയാണ്. ഈ ആവശ്യങ്ങൾ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഈ സബ്മിഷന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന്, ശമ്പളകമ്മീഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങളാണ്. അത് സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനുവേണ്ടി മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് പരാതിക്കാരുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുമെന്നാണ് പ്രതീക്ഷിക്കുന്നത്. മന്ത്രിസഭാ ഉപസമിതിയുടെ തീരുമാനം വരുമ്പോൾ വീണ്ടും പരാതിയുണ്ടെങ്കിൽ അത്തരം പരാതികൾ പരിശോധിക്കാൻ ധനകാര്യവകുപ്പിൽ സംവിധാനമുണ്ടാകും. ഈ സൗകര്യങ്ങൾ അദ്ധ്യാപകർക്കും അദ്ധ്യാപക സംഘടനകൾക്കും പ്രയോജനപ്പെടുത്താൻ കഴിയും. മറ്റൊന്ന് പ്രൊട്ടക്ഷന്റേയും അനാദായകരമെന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്കൂളുകളുടേയും കാര്യമാണ്. ഒരു സ്കൂളും അനാദായകരമെന്ന് വിശേഷിപ്പിക്കപ്പെടേണ്ടതില്ലെന്നാണ് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്. വളരെ തുച്ഛം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളാണെങ്കിലും അവിടെ വിദ്യാഭ്യാസം നടക്കുന്നു എന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly